# ഹെൽമറ്റ് ധരിക്കാത്തവർക്ക് കടുത്ത ശിക്ഷ നൽകണം: ഹൈക്കോടതി

### ആഭ്യന്തര മന്ത്രിയുടെ നിർദ്ദേശം പൊലീസ് അനുസരിക്കേണ്ടതില്ല

കൊച്ചി: ഹെൽമറ്റ് ധരിക്കാത്ത ഇരുചക്രവാഹന യാത്രക്കാർക്ക് കടുത്ത ശിക്ഷ നൽകുന്ന നിയമഭേദഗതി പരിഗണിക്കാൻ ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. ഹെൽമറ്റ് നിർബന്ധമാക്കിയ ഉത്തരവ് കർശനമായി നടപ്പാക്കണം. ഹെൽമറ്റ് പരിശോധന കർശനമാക്കേണ്ടെന്ന ആഭ്യന്തര മന്ത്രിയുടെ നിർദ്ദേശം അവഗണിക്കാൻ ഡി.ജി.പിയോടും ഹൈക്കോടതി നിർദ്ദേശിച്ചു.

കുറ്റം ആവർത്തിക്കുന്നവർക്ക് തടവുശിക്ഷ ഉൾപ്പെടുത്തി മോട്ടോർ വാഹന നിയമത്തിലെ 177–ാം വകുപ്പിൽ ഭേദഗതി ആവശ്യമാണെന്നും കോടതി പറഞ്ഞു.

ഹെൽമറ്റ് പരിശോധന കർശനമാക്കേണ്ടെന്ന പ്രസ്താവന നടത്തിയ മന്ത്രി കോടിയേരി ബാലകൃഷ്ണനെതിരെയും മറ്റും കോടതി അലക്ഷ്യ നടപടി ആവശ്യപ്പെട്ട് കൊച്ചി മേത്തർ നഗറിലെ ജോർജ് ജോൺ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ, ജസ്റ്റിസ് ബി.പി. റേ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

നിയമലംഘനത്തിന് പൊതുജനത്തെ പ്രേരിപ്പിക്കും വിധം മന്ത്രിമാരും മറ്റും പൊതുയോഗങ്ങളിൽ പ്രസ്താവന നടത്താറുണ്ടെന്ന് കോടതി പറഞ്ഞു. നിയമം നടപ്പാക്കേണ്ടവർ അത് അവഗണിക്കണം.

ഹെൽമറ്റ് നിർബന്ധമാക്കിയ ഉത്തരവ് നടപ്പാക്കാൻ എല്ലാ കീഴുദ്യോഗസ്ഥർക്കും ഡി.ജി.പി നിർദ്ദേശം നൽകണം. മോട്ടോർ വാഹന നിയമത്തിലെ 129–ാം വകുപ്പു പ്രകാരം, ഹെൽമറ്റ് ധരിക്കാതെ അപകടത്തിൽപ്പെടുകയോ ജീവൻ നഷ്ടപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരം ലഭിക്കില്ലെന്ന വ്യവസ്ഥ ഏർപ്പെടുത്താൻ ഹർജിക്കാരന് ഇൻഷ്വറൻസ് കമ്പനികളോട് ആവശ്യപ്പെടാമെന്നും കോടതി പറഞ്ഞു.

## വി.എസ് പറയുന്നതു പോലെ പ്രവർത്തിക്കുന്ന നേതാവ്: ഷീലാ തോമസ്



ഷീലാ തോമസ്



അച്യുതാനന്ദൻ

കോട്ടയം: പറയുന്നതുപോലെ പ്രവർത്തിക്കുന്ന ആദർശശുദ്ധിയുള്ള നേതാവാണ് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെന്ന് കഴിഞ്ഞ രണ്ടുവർഷമായി മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും ഇപ്പോൾ റബർ ബോർഡ് ചെയർപേഴ്സണുമായ ഷീലാ തോമസ് പറഞ്ഞു. കോട്ടയം പ്രസ് ക്ളബിൽ മീറ്റ് ദ പ്രസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അവർ.

എനിക്ക് ലഭിച്ചത് ഏറ്റവും നല്ല ബോസിനെയായിരുന്നു. പറച്ചിലൊന്ന് പ്രവൃത്തി മറ്റൊന്ന് എന്ന നിലപാട് അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞില്ല. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നടപ്പാക്കിയ മികച്ച പദ്ധതി സ്മാർട്ട് സിറ്റിയാണ്. നല്ല രീതിയിൽ നടപ്പാക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ആ പദ്ധതിയുടെ കാര്യത്തിൽ ഉണ്ടായത്.

റബർ കർഷകർക്ക് കൂടുതൽ സേവനങ്ങൾ ലഭിക്കുന്നതിന് പ്ളാനിംഗ് ബോർഡുമായി ചേർന്ന് പദ്ധതി ആലോചിച്ച് നടപ്പാക്കും. റബർ ബോർഡിലെ നിയമനങ്ങളും മറ്റും സംബന്ധിച്ചുള്ള പരാതി പരിശോധിച്ച് സുതാര്യത ഉറപ്പുവരുത്തും. റബർ കൃഷിയിലെ ജനിതകമാറ്റത്തെക്കുറിച്ചും മറ്റും കൂടുതൽ പഠിച്ചശേഷം നടപടി സ്വീകരിക്കും

## വൈദ്യുതി സർചാർജ് നീക്കം റെഗുലേറ്ററി കമ്മിഷൻ തള്ളി

തിരുവനന്തപുരം : വൈദ്യുതി സർചാർജ് ഈടാക്കാനുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ അപേക്ഷ റെഗുലേറ്ററി കമ്മിഷൻ തള്ളി.

കഴിഞ്ഞവർഷം ഏപ്രിൽ മുതൽ സെപ്തംബർ വരെ പുറത്തുനിന്ന് വാങ്ങിയ അധിക വൈദ്യുതിക്ക് വന്ന 123.84 കോടിയുടെ ബാദ്ധ്യത നികത്താനാണ് ബോർഡ് സർചാർജ് നിർദ്ദേശിച്ചത്. കമ്മിഷന്റെ പുതിയ നിബന്ധന പ്രകാരമാണ് ബോർഡ് കണക്ക് സമർപ്പിക്കുന്നത്.

ബോർഡിന്റെ കണക്ക് പരിശോധിച്ച കമ്മിഷൻ 115.58 കോടിയുടെ ബാദ്ധ്യതയേ വരൂ എന്ന് കണക്കാക്കി. അതിൽത്തന്നെ കഴിഞ്ഞവർഷത്തെ ബോർഡിന്റെ മിച്ചമായ 84.37 കോടി രൂപ തട്ടിക്കിഴിക്കാം. അതുകഴിഞ്ഞു വരുന്ന തുച്ഛമായ ബാദ്ധ്യത അടുത്തതവണത്തെ സർചാർജ് പെറ്റിഷനോടൊപ്പം പരിഗണിക്കാമെന്നാണ് നിർദ്ദേശിച്ചത്.

KERALA KAUMUDI